# കേരള ഭാഷാ പാഠശാല ക്ലാസ് ഏപ്രിൽ 5ന് ആരംഭിക്കും

തിരുവനന്തപുരം: ചിട്ടയായ ഭാഷാപഠനം സാധ്യമാക്കുന്നതിനുവേണ്ടി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന കേരള ഭാഷാപാഠശാല ഏപ്രിൽ 5ന് തിരുവനന്തപുരത്ത് ആരംഭിക്കും.

അപേക്ഷാപത്രിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ നിന്ന് ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.അക്ഷരം, പദം, വാക്യം, വ്യാകരണം എന്നീ ക്രമത്തിൽ തെറ്റില്ലാതെ മലയാളം ഉപയോഗിക്കുന്നതിനുള്ള കഴിവ് പഠിതാക്കളിൽ വളർത്തുകയാണ് ലക്ഷ്യം. പഠനകാലാവധി രണ്ടുമാസമാണ്. അക്ഷരബോധം, പദബോധം, ഉച്ചാരണ പരിശീലനം, വാക്യഘടന, വാക്യപ്രയോഗം, നല്ലമലയാളം, ശൈലികൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സാഹിത്യശാഖകൾ, സാഹിത്യചരിത്രം, കേരളീയ കലകൾ തുടങ്ങി വിവിധ മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുപകരിക്കുന്ന വിധത്തിൽ കവിതാലാപനം, പുസ്തകവായന, പ്രസംഗം, ഭാഷണവൈവിധ്യം, നാടകാവതരണം തുടങ്ങിയവയെക്കുറിച്ചുള്ള വിവിധ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പഠനകാലയളവിൽ പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ പ്രമുഖരോടൊപ്പമുള്ള സംവാദങ്ങളും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട തുടർപരിശീലന പ്രവർത്തനങ്ങളും കുട്ടികൾക്കായി സംഘടിപ്പിക്കും.പത്തിനും പതിനഞ്ചിനുമിടയ്ക്കു പ്രായമുള്ളവർക്കുവേണ്ടി ഒരു പാഠശാലയും പതിനഞ്ചിനും ഇരുപതിനുമിടയ്ക്കു പ്രായമുള്ളവർക്കുവേണ്ടി മറ്റൊരു പാഠശാലയും പൂർണമായും സൗജന്യമായി പ്രവർത്തിക്കും. കേരളഭാഷാ പാഠശാലയിൽ പ്രഗത്ഭരായ ഗുരുനാഥന്മാരായിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447956162 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.